# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:517** **19.05.2017-ൽ മറുപടിയ്ക്ക്**

## നൂതന മത്സ്യകൃഷി രീതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എം. വിൻസെന്റ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് നൂതന മത്സ്യകൃഷി രീതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് നൂതന മത്സ്യ കൃഷി രീതികൾ നടപ്പിലാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നൂതന പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ഘടക പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കുളങ്ങളിൽ ഓരുജല മത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി പദ്ധതി<br>2. ഓരുജല മത്സ്യങ്ങളുടെ കൂട് കൃഷി<br>3. കുളങ്ങളിൽ അന്തരീക്ഷ വായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി<br>4. അണക്കെട്ടുകളിലെ കൂടു കൃഷി<br>5. കുളങ്ങളിൽ രോഗാണുവിമുക്ത കാര ചെമ്മീൻ കൃഷി<br>6. കുളങ്ങളിലെ നാരൻ ചെമ്മീൻ കൃഷി<br>7. ശുദ്ധജല ആറ്റുകൊഞ്ച് കൃഷി<br>8. റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം<br>9. കുളങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി<br>10. കടലിൽ കല്ലുമ്മേക്കായ് കൃഷി പദ്ധതി<br>11. പ്രോജക്ട് സ്റ്റാഫുകളുടെ നിയമനം<br>12. ഡോക്യുമെന്റേഷൻ, റിപ്പോർട്ടിംഗ് |
| ബി) നൂതന മത്സ്യകൃഷി രീതികൾ പ്രയോജനപ്പെടുത്തുന്ന മാതൃകാ ഫാമുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; | ബി) നൂതന മത്സ്യ കൃഷി രീതി വ്യാപിപ്പിക്കുന്നതിനായി 230 നൂതന മത്സ്യ കൃഷി മാതൃകാ പ്രദർശന യൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ഓരോജില്ലയിലെയും മത്സ്യ കർഷക വികസന ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ |

ജലകൃഷി വ്യാപന പദ്ധതികളിൽ ഉൾപ്പെടുത്തി മാതൃകാ മത്സ്യ കൃഷി ഫാമുകൾക്കായി 975 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) പ്രസ്തുത കൃഷി രീതികൾ നടപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തുന്നതെന്ന് പറയാമോ? | സി) നൂതന മത്സ്യ കൃഷി രീതി പദ്ധതി ഓരോ ജില്ലയിലും മത്സ്യ കർഷക വികസന ഏജൻസികൾ മുഖേനയാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ പ്രസ്തുത പദ്ധതികൾക്കുള്ള സാങ്കേതിക സഹായങ്ങൾക്കും പരിശോധനയ്ക്കുമായി സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ്‌വാട്ടർ അക്വാകൾച്ചർ (സി.ഐ.ബി.എ.), രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ (ആർ.ജി.സി.എ.), കേരള യൂണിവേഴ്സിറ്റീസ് ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) എന്നീ സ്ഥാപനങ്ങളുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. |

സെക്ഷൻ ആഫീസർ